# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LIV - JK 99 | 2026 MARCH 2 | NO. 3

## CIRCULAR - 11
## മദ്യവിരുദ്ധ ഞായർ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2026 മാർച്ച് 8-ാം തീയതി നാം മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മഹാവിപത്താണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗവും ലഭ്യതയും വർദ്ധിച്ചപ്പോൾ കുടുംബനാഥന്മാർ മാത്രമല്ല യുവജനങ്ങളും കുട്ടികളുംവരെ ലഹരിയുടെ അടിമത്ത്വത്തിലേക്ക് വഴുതി വീഴുന്നു. നമ്മുടെ കുടുംബങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായ ലഹരിവസ്തുക്കൾ പാടേ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഇടവക തലത്തിൽ എടുക്കുവാൻ നമുക്കു സാധിക്കണം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളായവരെ ചികിത്സിക്കുവാനും ബോധവത്കരണ പരിപാടികളോടൊപ്പം ക്രിയാത്മകമായി ജീവിക്കുവാനുമുള്ള കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. നമ്മുടെ അതിരൂപതയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന എല്ലാവരെയും ഈ അവസരത്തിൽ

പ്രത്യേകം അനുമോദിക്കുന്നു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തന ങ്ങൾക്ക് പ്രോത്സാഹനവും വേണ്ടുന്ന സഹകരണവും നല്കണമെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ആചരണപരിപാടികൾ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മദ്യവിരുദ്ധ ഞായർ ദിനാചരണത്തി ലൂടെ ലഭിക്കുന്ന സംഭാവനകൾ അതിരൂപതാ കച്ചേരിയിൽ 2026 മാർച്ച് മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കേണ്ടതാണെന്നും ഓർമ്മി പ്പിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതി മെത്രാസനമന്ദിരത്തിൽ നിന്ന്, 2026 മാർച്ച് 2-ാം തീയതി.

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

# മദ്യ-ലഹരി വിരുദ്ധ ഞായർ
# 2026 മാർച്ച് 8

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ 2026 മാർച്ച് 8-ാം തീയതി മദ്യ-ലഹരി വിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെ ക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുക യുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കു ന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യ ശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചന വെളിച്ചത്തിൽ മനസ്സിലാകുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). നിങ്ങൾ വീഞ്ഞ് കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ (എഫേസോസ് 5:18) എന്ന വി. പൗലോസ് അപ്പോസ്തലന്റെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായക കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും

നമ്മുടെ വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും യുവജനങ്ങളി ലേയ്ക്കും കടന്നു കഴിഞ്ഞിരിക്കുന്നു. ലഹരിയെ "സന്തോഷമായി' ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടു ത്തുന്ന സംസ്ക്കാരം യുവതലമുറയെ ഇന്ന് വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽനിന്ന് രക്ഷപ്പെടാൻ ദൈവത്തിലാശ്രയിക്കുന്ന തിനുപകരം മദ്യത്തിലും ഇതര ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപയോഗ ത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. കുടുംബ ബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലു കൾക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നു വിറയ്ക്കുന്നു. സ്നേഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തി ന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ട് പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

**ലഹരി എന്ന മാരക തിന്മ**

ലഹരി വെറും സാമൂഹിക പ്രശ്നമല്ല. ഒരു ആത്മീയ പ്രതിസന്ധി യാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽ നിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരിയെ ന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല, മറിച്ച് വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാചിക ശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതു പോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെടുത്താനും തുരത്താനും ആത്മീയമായ ആയുധങ്ങളിൽ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ്

സുവിശേഷ സാക്ഷ്യം. പ്രവാചകന്മാരെപോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരെ

ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ തിന്മയ്ക്കു മുൻപിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം വിസ്മരിക്കരുത്. കുട്ടികളെയും, യുവജനങ്ങളെയും ഈ തിന്മയിൽ നിന്ന് സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവ്വ സന്നാഹങ്ങളോടെ പോരാടേണ്ടിയിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലുമാണെന്ന (റോമാ 14:17) ദൈവവചന ബോധ്യം പുതുതലമുറയ്ക്ക് ഫലപ്രദമായി പകർന്നുകൊടുക്കുവാൻ നാം തീക്ഷ്തണതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**യുവജനങ്ങളോട്**

യുവജനങ്ങൾക്ക് ഇത് മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരിയോട് 'ഇല്ല' എന്ന് പറയുകയും ജീവിതത്തോട് 'അതെ' എന്ന് പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളെ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല. മറിച്ച് ലക്ഷ്യത്തിനും ദൗത്യത്തിനും വേണ്ടിയാണ്. ലഹരിയുടെ മായാവലയത്തിൽ പെടാതെ വിശ്വാസവും മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിത കവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതം തന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരി വഴി സാത്താന്റെ ആലയമാക്കി മാറ്റരുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്ക് ലഹരിയോട് 'ഇല്ല' എന്ന് പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ

നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:19,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നിങ്ങൾക്ക് വഴിവിളക്കാകണം. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിത മൊഴി (സുഭാഷിതങ്ങൾ 20:1).

നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസ മാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദ്ദമാണോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്ന് നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും.

ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാ നാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും(ജോഷ്വാ 24:15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏത് ലഹരിയെയും ഞാൻ തള്ളികളയും എന്ന് ധൈര്യപൂർവം നമുക്ക് ലോകത്തോട് വിളിച്ചു പറയാൻ കഴിയട്ടെ.

**സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം**

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വ ത്തിൽ കേരള സഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ-രൂപതകളിലായി നടന്നു വരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരക രാസലഹരികൾക്കെതിരെ ഉണർന്ന് പ്രവർത്തി ക്കുമ്പോൾ ഇതിനെ നിരോധിക്കാനോ, നിയന്ത്രിക്കാനോ, തടയാനോ, അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പി ക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാര

ത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയപ്പോൾ അവരുടെ നയം മദ്യവർജ്ജനമായി മാറി. വർജ്ജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാനമാണെന്നും നിരോധനമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞുനോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരുംപ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യത കുറവാണ് മാരക രാസലഹരികളുടെ കുത്തൊഴുക്കിന് കാരണമായതെന്നായിരുന്നു ഭരണകർത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ മദ്യപിച്ചുകൊണ്ടിരുന്നവരല്ല മാരക രാസലഹരികളുടെ ഉപയോഗത്തിലേക്ക് കടന്നതെന്നാണ് പച്ചയായ യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരക രാസലഹരിയെന്ന വിപത്തിന്റെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ. ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കുമരുന്നുകൾ ഇന്ന് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപകമായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വപ്പെട്ടവരാകട്ടെ പുതിയ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകടകരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിൽ നിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യനിർമ്മാണവും, ലഹരികടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ്-പോലീസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചുപെൺ കുട്ടികളെ പോലും മയക്കുമരുന്ന് മാഫിയ വലയിൽ വീഴ്ത്തി, ലഹരിവാഹകരും, ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമായി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെനാട് മാനസിക രോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന് മെഡിക്കൽ ഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ട് വെട്ടുന്നതും, 6 മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതു മൊക്കെ സമീപ ദിവസങ്ങളിലും, മാസങ്ങളിലും നടന്ന മദ്യത്തിന്റെയും മാരക രാസലഹരികളുടെയും ഭീകരത തുറന്നുകാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും, മയക്കുമരുന്നിനു മെതിരെ ശക്തമായി നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തുമ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാന ത്തേയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരി ക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ആർജ്ജവമുള്ള ഭരണ സംവിധാനം സംസ്ഥാനത്തുണ്ടാകണം.

**ഉപസംഹാരം**

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിന് പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്ത

സംഘടനകളും സംയുക്തമായി ഈ വിപത്തിനെതിരെ ഊർജ്ജിത മായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലഹരി എന്ന പൈശാചിക തിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം നമുക്ക് ഒരു രക്ഷകൻ ഉണ്ട്, കർത്താവായ യേശുക്രിസ്തു. അവൻ ഇപ്രകാരം അരുളിച്ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്ര നാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ യേശുവിന്റെ നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ഈ തിന്മയുടെ മേലുള്ള വിജയ പോരാട്ടം നമുക്ക് ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാ വർക്കും മദ്യ-ലഹരി വിരുദ്ധ ഞായർ ദിനാശംസകൾ.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ**
(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

**ബിഷപ് മാർ അലക്സ് താരമംഗലം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ))

---

N.B.: **ഈ ഇടയലേഖനം 2026 മാർച്ച് 8-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 4

വിശുദ്ധവാരത്തിലെ വ്യാഴാഴ്ചയിൽ വിശുദ്ധ തൈലങ്ങൾ ഇടവകയിൽ സ്വീകരിക്കുന്നതിനുള്ള ക്രമവും, ദുഃഖവെള്ളിയാഴ്ചയും ശനിയാഴ്ചയും ദൈവാലയത്തിൽ ജനങ്ങളോടൊപ്പം ചൊല്ലുവാനുള്ള പ്രഭാതപ്രാർത്ഥനകളും അതിരൂപതാ ലിറ്റർജി കമ്മീഷൻ തയ്യാറാക്കിയത് ഇതോടൊപ്പം നൽകിയിരിക്കുന്നു. ഇടവകകളിൽ ഇതിന്റെ കോപ്പികൾ ആവശ്യമെങ്കിൽ 2026 മാർച്ച് 20നു മുമ്പായി എണ്ണം കൂരിയയിൽ അറിയിച്ചാൽ മിതമായ നിരക്കിൽ കോപ്പികൾ ലഭ്യമാക്കുന്നതാണ്.

02.03.2026 **Chancellor**
Ernakulam

---

## തൈലപരികർമ്മദിവ്യബലിയിൽ ആശീർവദിക്കപ്പെട്ട വിശുദ്ധ തൈലങ്ങൾ ഇടവകയിൽ സ്വീകരിക്കുന്ന ക്രമം

*അതിരൂപതാ ഭദ്രാസനദേവാലയത്തിൽ തൈലപരികർമ്മദിവ്യബലിയിൽ മെത്രാപ്പോലീത്ത ആശീർവദിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്ത രോഗികൾക്കുവേണ്ടിയുള്ള തൈലവും ജ്ഞാനസ്നാനാർത്ഥികൾക്ക് വേണ്ടിയുള്ള തൈലവും വിശുദ്ധ ക്രിസവും ഇടവകകളിൽ സമർപ്പിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്നത് ഏറ്റവും അഭികാമ്യമാണ്.*

*വിശുദ്ധ തൈലങ്ങളുടെ സ്വീകരണം പെസഹാ വ്യാഴ്യാഴ്ചയിലെ കർത്താവിന്റെ തിരുവത്താഴ ദിവ്യബലിയിൽ നടത്തുന്നതാണ് ഉചിതം. തൈലങ്ങൾ സങ്കീർത്തിയിലോ, ജ്ഞാനസ്നാനത്തൊട്ടിക്ക് സമീപമോ അനുയോജ്യമായ രീതിയിൽ സൂക്ഷിക്കാവുന്നതാണ്. തൈലങ്ങൾ യോഗ്യമായ പാത്രങ്ങളിൽവച്ച്, ദിവ്യബലിയിലെ കാഴ്ചവെയ്പ് പ്രദക്ഷണ സമയത്ത്, അപ്പത്തിന്റേയും വീഞ്ഞിന്റേയും മുൻപിലായി ദൈവജനത്തിൽ നിന്ന് മൂന്ന് പേർ കൊണ്ടുവരേണ്ടതാണ്.*

*മുഖ്യകാർമ്മികൻ അവ സ്വീകരിച്ച് സാങ്ചറിയിൽ തന്നെയോ, അനുയോജ്യമായ മറ്റൊരിടത്തോ സ്ഥാപിക്കാവുന്നതാണ്. ഓരോ തൈലവും സമർപ്പിക്കപ്പെടുമ്പോൾ താഴെപ്പറയുന്ന വാക്കുകളിൽ അതിന്റെ പ്രാധാന്യവും ഉപയോഗവും വ്യക്തമാക്കാവുന്നതാണ്.*

*ജനങ്ങളുടെ മറുപടി ഗാനരൂപത്തിലും ആകാവുന്നതാണ്.*

*രോഗീലേപനത്തിനുള്ള തൈലം സമർപ്പിക്കുന്നയാൾ;*

**രോഗികളെ അഭിഷേചിക്കുന്നതിനുള്ള തൈലം**

പുരോ : ഈ തൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്ന രോഗികൾ നമ്മുടെ കർത്താവിന്റെ അനുകമ്പയും അവിടുത്തെ രക്ഷാകര സ്നേഹവും തങ്ങളുടെ ശരീരത്തിലും ആത്മാവിലും അനുഭവിക്കുമാറാകട്ടെ.

ജനം : ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ!

*ജ്ഞാനസ്നാനാർത്ഥികൾക്കുള്ള തൈലം സമർപ്പിക്കുന്നയാൾ;*

**ജ്ഞാനസ്നാനാർത്ഥികളെ അഭിഷേചിക്കുന്നതിനുള്ള തൈലം**

പുരോ : ഈ തൈലത്താലുള്ള അഭിഷേചനത്തിലൂടെ ജ്ഞാനസ്നാനത്തിൽ ജലത്താലുള്ള രക്ഷ സ്വീകരിക്കാനായി ഒരുങ്ങുന്ന നമ്മുടെ ജ്ഞാനസ്നാനാർത്ഥികൾ ക്രിസ്തുവിനാൽ ദൃഢീകരിക്കപ്പെടുകയും, അങ്ങിനെ അവർ സാത്താന്റെ ശക്തിയെ ചെറുക്കുകയും തിന്മയുടെ എല്ലാ പ്രലോഭനങ്ങളേയും തിരസ്കരിക്കുകയും ചെയ്യുമാറാകട്ടെ!

ജനം : ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ

*വിശുദ്ധ ക്രിസം സമർപ്പിക്കുന്നയാൾ;*

**വിശുദ്ധ ക്രിസം!**

പുരോ : സുഗന്ധപൂരിതമായ ഈ ക്രിസത്തിനാൽ അഭിഷിക്തരാക്കപ്പെടുന്ന കുഞ്ഞുങ്ങളും മുതിർന്നവരും, ജ്ഞാനസ്നാനപ്പെടുന്നവരും സ്ഥൈര്യലേപനം ചെയ്യപ്പെടുന്നവരും, അഭിഷേചിതരാകുന്ന പുരോഹിതരും പരിശുദ്ധാത്മാവിന്റെ കൃപയുടെ ദാനങ്ങൾ സ്വീകരിക്കുമാറാകട്ടെ.

ജനം : ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ

*(തുടർന്ന് സ്തോത്രയാഗപ്രാർത്ഥനക്കായുള്ള അപ്പവും വീഞ്ഞും സ്വീകരിക്കുകയും ദിവ്യബലിയർപ്പണം തുടരുകയും ചെയ്യുന്നു.)*

# ദുഃഖവെള്ളി

**പ്രഭാതപ്രാർത്ഥന**

കാർമി : കർത്താവേ ഞങ്ങളുടെ അധരങ്ങൾ തുറക്കേണമേ...

ജനം : ഞങ്ങൾ അങ്ങയുടെ നാമം പ്രകീർത്തിക്കും

കാർമി. : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ജനം : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രവേശകപ്രഭണിതം**

ലീഡർ : **ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു. വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.**

ലീഡർ :

വരുവിൻ, നമുക്കു കർത്താവിനു സ്തോത്രമാലപിക്കാം.
നമ്മുടെ ശിലയെ സന്തോഷപൂർവം പാടിപ്പുകഴ്ത്താം.
കൃതജ്ഞതാസ്തോത്രത്തോടെ അവിടുത്തെ സന്നിധിയിൽ ചെല്ലാം.
ആനന്ദത്തോടെ സ്തുതിഗീതികൾ ആലപിക്കാം.

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

എന്തെന്നാൽ, കർത്താവ് ഉന്നതനായ ദൈവമാണ്;
എല്ലാ ദേവൻമാർക്കും അധിപനായ രാജാവാണ്;
ഭൂമിയുടെ അഗാധതലങ്ങൾ അവിടുത്തെ കൈകളിലാണ്;
പർവത ശൃംഗങ്ങളും അവിടുത്തേതാണ്.
സമുദ്രം അവിടുത്തേതാണ്, അവിടുന്നാണ് അതു നിർമിച്ചത്;
ഉണങ്ങിയ കരയെയും അവിടുന്നാണു മെനഞ്ഞെടുത്തത്.

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

വരുവിൻ, നമുക്കു കുമ്പിട്ട് ആരാധിക്കാം;
നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുൻപിൽ മുട്ടുകുത്താം.
എന്തെന്നാൽ, അവിടുന്നാണു നമ്മുടെ ദൈവം.
നാം അവിടുന്നു മേയ്ക്കുന്ന ജനവും;
അവിടുന്നു പാലിക്കുന്ന അജഗണവും.

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

നിങ്ങൾ ഇന്ന് അവിടുത്തെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ!
മെരീബായിൽ, മരുഭൂമിയിലെ മാസ്സായിൽ, ചെയ്തതുപോലെ
നിങ്ങൾ ഹൃദയം കഠിനമാക്കരുത്.
അന്നു നിങ്ങളുടെ പിതാക്കൻമാർ എന്നെ പരീക്ഷിച്ചു;
എന്റെ പ്രവൃത്തി കണ്ടിട്ടും അവർ എന്നെ പരീക്ഷിച്ചു.

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

നാൽപതു സംവത്സരം ആ തലമുറയോട് എനിക്കു നീരസം തോന്നി,
വഴിപിഴയ്ക്കുന്ന ഹൃദയത്തോടുകൂടിയ ജനമാണിത്;
എന്റെ വഴികളെ അവർ ആദരിക്കുന്നില്ല എന്നു ഞാൻ പറഞ്ഞു.
അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ലെന്നു
കോപത്തോടെ ഞാൻ ശപഥം ചെയ്തു.

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

*ദൈവപുത്രനായ ക്രിസ്തു തന്റെ രക്തത്താൽ നമ്മെ രക്ഷിച്ചു.*
*വരുവിൻ, നമുക്കവിടുത്തെ ആരാധിക്കാം.*

**ഗീതം**

ഗാഗുൽത്താമലയിൽനിന്നും

**പ്രഭണിതം 1**

**ദൈവം തന്റെ സ്വപുത്രനെന്നുപോലും കരുതാതെ;**
**നമുക്കുവേണ്ടി അവനെ ബലിവസ്തുവാക്കി**

**സങ്കീർത്തനം 51**

ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത്
എന്നോടു ദയതോന്നണമേ!
അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത്
എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ!

എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമേ!
എന്റെ പാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ!
എന്റെ അതിക്രമങ്ങൾ ഞാനറിയുന്നു,
എന്റെ പാപം എപ്പോഴും എന്റെ കൺമുൻപിലുണ്ട്.

അങ്ങേക്കെതിരായി, അങ്ങേക്കു മാത്രമെതിരായി,
ഞാൻ പാപം ചെയ്തു;
അങ്ങയുടെ മുൻപിൽ ഞാൻ തിൻമ പ്രവത്തിച്ചു;
അതുകൊണ്ട്, അങ്ങയുടെ വിധിനിർണയത്തിൽ അങ്ങു
നീതിയുക്തനാണ്; അങ്ങയുടെ വിധിവാചകം കുറ്റമറ്റതാണ്.

പാപത്തോടെയാണു ഞാൻ പിറന്നത്;
അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്.
ഹൃദയപരമാർഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്;
ആകയാൽ, എന്റെ അന്തരംഗത്തിൽ ജ്ഞാനം പകരണമേ!

ഹിസോപ്പു കൊണ്ട് എന്നെ പവിത്രീകരിക്കണമേ!
ഞാൻ നിർമലനാകും; എന്നെ കഴുകണമേ!
ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും.
എന്നെ സന്തോഷഭരിതനാക്കണമേ!
അവിടുന്നു തകർത്ത എന്റെ അസ്ഥികൾ ആനന്ദിക്കട്ടെ!

എന്റെ പാപങ്ങളിൽ നിന്നു മുഖം മറയ്ക്കണമേ!
എന്റെ അകൃത്യങ്ങൾ മായിച്ചുകളയണമേ!
ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ!
അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!

അങ്ങയുടെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ!
അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന്
എടുത്തുകളയരുതേ!
അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്കു വീണ്ടും തരണമേ!
ഒരുക്കമുള്ള ഹൃദയം നൽകി എന്നെ താങ്ങണമേ!

അപ്പോൾ അതിക്രമികളെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും;
പാപികൾ അങ്ങയിലേക്കു തിരിച്ചുവരും.
ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ,
രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ!
ഞാൻ അങ്ങയുടെ രക്ഷയെ ഉച്ചത്തിൽ പ്രകീർത്തിക്കും.

കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ!
എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആലപിക്കും.
ബലികളിൽ അങ്ങു പ്രസാദിക്കുന്നില്ല;
ഞാൻ ദഹനബലി അർപ്പിച്ചാൽ അങ്ങു സന്തുഷ്ടനാവുകയുമില്ല.

ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി;
ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല.
അങ്ങു പ്രസാദിച്ചു സീയോനു നൻമ ചെയ്യണമേ!
ജറുസലെമിന്റെ കോട്ടകൾ പുതുക്കിപ്പണിയണമേ!

അപ്പോൾ അവിടുന്നു നിർദിഷ്ട ബലികളിലും
ദഹനബലികളിലും സമ്പൂർണ ദഹനബലികളിലും പ്രസാദിക്കും;
അപ്പോൾ അങ്ങയുടെ ബലിപീഠത്തിൽ കാളകൾ അർപ്പിക്കപ്പെടും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

എല്ലാവരും : ***ദൈവം തന്റെ സ്വപുത്രനെന്നുപോലും കരുതാതെ;***
***നമുക്കുവേണ്ടി അവനെ ബലിവസ്തുവാക്കി.***

**പ്രഭണിതം 2**

യേശുക്രിസ്തു നമുക്കായി തന്റെ സ്നേഹം പ്രകടമാക്കുകയും,
തന്റെ ജീവരക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു
നമ്മെ മോചിപ്പിക്കുകയും ചെയ്തു.

## ലഘുഗീതം (ഹബ. 3;2–4,13 a,16 –19)

കർത്താവേ, അങ്ങയെപ്പറ്റിയും
അങ്ങയുടെ പ്രവൃത്തിയെപ്പറ്റിയും കേട്ട് ഞാൻ ഭയന്നു.
ഞങ്ങളുടെ നാളുകളിൽ അങ്ങയുടെ പ്രവൃത്തി ആവർത്തിക്കണമേ!
ഞങ്ങളുടെ നാളുകളിൽ അതു വെളിപ്പെടുത്തണമേ!
ക്രുദ്ധനാകുമ്പോൾ അങ്ങയുടെ കരുണയെ അനുസ്മരിക്കണമേ!

ദൈവം തേമാനിൽനിന്ന്,
പരിശുദ്ധൻ പാരാൻപർവതത്തിൽനിന്ന് വന്നു.
അവിടുത്തെ മഹത്വം ആകാശങ്ങളെ മൂടി.
അവിടുത്തെ സ്തുതികളാൽ ഭൂമി നിറഞ്ഞു.

അവിടുത്തെ ശോഭ പ്രകാശംപോലെ പരക്കുന്നു.
അവിടുത്തെ കരങ്ങളിൽനിന്ന് രശ്മികൾ വീശുന്നു.
അവിടുന്ന് തന്റെ ശക്തി മറച്ചുവച്ചിരിക്കുന്നു.
അങ്ങയുടെ ജനത്തിന്റെ, അങ്ങയുടെ അഭിഷിക്തന്റെ,
രക്ഷയ്ക്കുവേണ്ടി അങ്ങു മുന്നേറി.

സമുദ്രത്തെ, അതിന്റെ ഇളകിമറിയുന്ന തിരമാലകളെ,
അശ്വാരൂഢനായി അങ്ങ് ചവിട്ടിമെതിച്ചു.
ഞാൻ കേട്ടു; എന്റെ ശരീരം വിറയ്ക്കുന്നു.
മുഴക്കം കേട്ട് എന്റെ അധരങ്ങൾ ഭയന്നു വിറയ്ക്കുന്നു.

എന്റെ അസ്ഥികൾ ഉരുകി.
എന്റെ കാലുകൾ പതറി.
ഞങ്ങളെ ആക്രമിക്കാൻ വരുന്ന ജനതകളുടെ കഷ്ടകാലം
ഞാൻ നിശ്ശബ്ദനായി കാത്തിരിക്കും.

അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും,
മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും,
ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും
വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും

ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും
കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും
ഞാൻ കർത്താവിൽ ആനന്ദിക്കും.
എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും.

കർത്താവായ ദൈവമാണ് എന്റെ ബലം.
കലമാന്റെ പാദങ്ങൾക്കെന്നപോലെ
അവിടുന്ന് എന്റെ പാദങ്ങൾക്കു വേഗത നൽകി.
ഉന്നതങ്ങളിൽ അവിടുന്ന് എന്നെ നടത്തുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

*യേശുക്രിസ്തു നമുക്കായി തന്റെ സ്നേഹം പ്രകടമാക്കുകയും,*
*തന്റെ ജീവരക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു*
*നമ്മെ മോചിപ്പിക്കുകയും ചെയ്തു.*

**പ്രഭണിതം 3**

കർത്താവേ, അങ്ങയുടെ കുരിശിനെ ഞങ്ങൾ വണങ്ങുന്നു; അങ്ങയുടെ പരിശുദ്ധ ഉത്ഥാനത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ, മരത്തിനാലെ സർവ്വലോകത്തിലേക്കും ആനന്ദം കടന്നുവന്നിരിക്കുന്നു.

**സങ്കീർത്തനം 147**

ജറുസലെമേ, കർത്താവിനെ സ്തുതിക്കുക;
സീയോനേ, നിന്റെ ദൈവത്തെ പുകഴ്ത്തുക.
നിന്റെ കവാടങ്ങളുടെ ഓടാമ്പലുകൾ അവിടുന്നു ബലപ്പെടുത്തുന്നു;
നിന്റെ കോട്ടയ്ക്കുള്ളിലുള്ള മക്കളെ അവിടുന്ന് അനുഗ്രഹിക്കുന്നു.

അവിടുന്നു നിന്റെ അതിർത്തികളിൽ സമാധാനം സ്ഥാപിക്കുന്നു;
അവിടുന്നു വിശിഷ്ടമായ ഗോതമ്പുകൊണ്ടു നിന്നെ തൃപ്തയാക്കുന്നു.
അവിടുന്നു ഭൂമിയിലേക്കു കൽപന അയയ്ക്കുന്നു;
അവിടുത്തെ വചനം പാഞ്ഞു വരുന്നു.

അവിടുന്ന് ആട്ടിൻരോമംപോലെ മഞ്ഞു പെയ്യിക്കുന്നു;
ചാരംപോലെ ഹിമധൂളി വിതറുന്നു.
അവിടുന്ന് അപ്പക്കഷണംപോലെ ആലിപ്പഴം പൊഴിക്കുന്നു;
അവിടുന്ന് അയയ്ക്കുന്ന തണുപ്പ് ആർക്കു സഹിക്കാനാവും?

അവിടുന്നു കൽപന അയച്ച് അതിനെ ഉരുക്കിക്കളയുന്നു;
അവിടുന്നു കാറ്റിനെ അയയ്ക്കുമ്പോൾ ജലം ഒഴുകിപ്പോകുന്നു.
അവിടുന്ന് യാക്കോബിനു തന്റെ കൽപനയും
ഇസ്രായേലിനു തന്റെ ചട്ടങ്ങളും പ്രമാണങ്ങളും വെളിപ്പെടുത്തുന്നു.

മറ്റൊരു ജനതയ്ക്കുവേണ്ടിയും
അവിടുന്ന് ഇങ്ങനെ ചെയ്തിട്ടില്ല;
അവിടുത്തെ പ്രമാണങ്ങൾ അവർക്ക് അജ്ഞാതമാണ്;
കർത്താവിനെ സ്തുതിക്കുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

*കർത്താവേ, അങ്ങയുടെ കുരിശിനെ ഞങ്ങൾ വണങ്ങുന്നു; അങ്ങയുടെ പരിശുദ്ധ ഉത്ഥാനത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ, മരത്തിനാലെ സർവ്വലോകത്തിലേക്കും ആനന്ദം കടന്നുവന്നിരിക്കുന്നു.*

## വിശുദ്ധ ഗ്രന്ഥവായന (ഇസ. 52: 13–15)

എന്റെ ദാസനു ശ്രേയസ്സുണ്ടാവും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും. അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല. അവൻ അനേകജനതകളെ പരിഭ്രാന്തരാക്കും. രാജാക്കൻമാർ അവൻ മൂലം നിശ്ശബ്ദരാകും. അവരോടു പറഞ്ഞിട്ടില്ലാത്തവ അവർ കാണും; കേട്ടിട്ടില്ലാത്തവ മനസ്സിലാക്കുകയും ചെയ്യും.

*(പ്രതിവചനത്തിനു പകരമായി, താഴെക്കാണുന്ന പ്രഭണിതം ചൊല്ലാവുന്നതാണ്)*

**പ്രഭണിതം**

**യേശുക്രിസ്തു തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്, മരണംവരെ – അതേ കുരിശുമരണംവരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി.**

**ബെനദിക്തൂസ് പ്രഭണിതം**

***ഇവൻ യഹൂദരുടെ രാജാവായ യേശുവാണ് എന്ന ആരോപണം അവർ അവന്റെ ശിരസ്സിനു മുകളിൽ എഴുതിവച്ചു.***

## ബെനദിക്തൂസ് (സഖറിയാഗീതി)

ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ.
അവിടുന്ന് തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു;
തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ
നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി;

ആദിമുതൽ തന്റെ വിശുദ്ധൻമാരായ പ്രവാചകൻമാരുടെ
അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ,
ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈയിൽനിന്നും
നമ്മെ രക്ഷിക്കാനും നമ്മുടെ പിതാക്കൻമാരോടു
വാഗ്ദാനംചെയ്ത കാരുണ്യം നിവർത്തിക്കാനും

നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത
അവിടുത്തെ വിശുദ്ധമായ ഉടമ്പടി അനുസ്മരിക്കാനും
ശത്രുക്കളുടെ കൈകളിൽനിന്നു വിമോചിതരായി,
നിർഭയം പരിശുദ്ധിയിലും നീതിയിലും എപ്പോഴും
അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻവേണ്ട
അനുഗ്രഹം നമുക്കു നൽകാനുമായിട്ടാണ് ഇത്.

നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും.
കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും.
അത് അവിടുത്തെ ജനത്തിന് പാപമോചനംവഴിയുള്ള
രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും,

നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകംകൊണ്ട്
ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ
ഇരുളിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു
പ്രകാശം വീശാനും
സമാധാനത്തിന്റെ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ
നയിക്കാനും വേണ്ടിയാണ്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

**ബെനദിക്തൂസ് പ്രഭണിതം**

**ഇവൻ യഹൂദരുടെ രാജാവായ യേശുവാണ് എന്ന ആരോപണം അവർ അവന്റെ ശിരസ്സിനു മുകളിൽ എഴുതിവച്ചു.**

## മധ്യസ്ഥപ്രാർത്ഥനകൾ

കാർമ്മി : നമുക്കുവേണ്ടി പീഡകൾ സഹിക്കുകയും, അടക്കം ചെയ്യപ്പെടുകയും മൃതിയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത നമ്മുടെ രക്ഷകനോട് നമുക്ക് പ്രാർത്ഥിക്കാം.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

കാർമ്മി : കർത്താവും നാഥനുമായവനെ, ഞങ്ങൾക്കുവേണ്ടി അവിടുന്ന് മരണംവരെ അനുസരണമുള്ള വനായിരുന്നു. ഞങ്ങളുടെ ജീവിതത്തിന്റെ അന്ധകാര നിമിഷങ്ങളിൽ ദൈവഹിതത്തോടു വിശ്വസ്തരായിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

കാർമ്മി : ഞങ്ങളുടെ ജീവനായ യേശുവേ, കുരിശുമരണത്തിലൂടെ നരകത്തേയും മരണത്തെയും അവിടുന്ന് ഇല്ലാതാക്കിയല്ലോ - അങ്ങയോടൊപ്പം മരിക്കുവാനും മഹത്വത്തോടെ ഉയിർത്തെഴുന്നേൽക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

കാർമ്മി : ഞങ്ങളുടെ രാജാവായ ക്രിസ്തുവേ, അവിടുന്ന് ഒരു പുഴുവിനെപ്പോലെ മനുഷ്യരുടെ അവഹേളനത്തിനു പാത്ര മായല്ലോ – അങ്ങയുടെ വിനയത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

കാർമ്മി : ഞങ്ങളുടെ രക്ഷകനായ യേശുവേ, അങ്ങയുടെ ജീവിതം അങ്ങ് സ്നേഹിതർക്കായി സമർപ്പിച്ചുവല്ലോ – അങ്ങ് ഞങ്ങളെ സ്നേഹിച്ചതുപോലെ ഞങ്ങളും പരസ്പരം സ്നേഹിക്കുമാറാകട്ടെ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

കാർമ്മി : ഞങ്ങളുടെ പ്രത്യാശയായ യേശുവേ, ആദിമുതലുള്ള എല്ലാമനുഷ്യരെയും ആശ്ലേഷിക്കുവാനായി അങ്ങേ കരങ്ങൾ കുരിശിൽ വിരിച്ചുവല്ലോ – ചിതറിക്കപ്പെട്ടുപോയ എല്ലാ ദൈവമക്കളെയും രക്ഷയുടെ രാജ്യത്തിലേക്ക് ഒന്നിച്ചുചേർക്കണമേ

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

*(ഇവിടെ പ്രത്യേകമായ നിയോഗങ്ങൾ സമർപ്പിക്കാവുന്നതാണ്)*

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെപിതാവേ...

**സമാപനപ്രാർത്ഥന**

കർത്താവേ, ഞങ്ങൾക്കുവേണ്ടിയാണല്ലോ അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു ഒറ്റികൊടുക്കപ്പെടുകയും, ശത്രുവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കപ്പെടുകയും, കുരിശിന്റെ കഠിനയാതനയിലൂടെ കടന്നുപോവുകയും ചെയ്തത്. അങ്ങയുടെ ഈ കുടുംബത്തിന്റെമേൽ കരുണയായിരിക്കണമേ. അങ്ങയോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ, ആമേൻ

## സമാപനാശിർവാദം

കാർമ്മി : കർത്താവ് നിങ്ങളോടുകൂടെ

ജനം : ആങ്ങേ അത്മാവോടും കൂടെ

കാർമ്മി : സർവ്വശക്തനായ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ

കാർമ്മി : ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ

ജനം : ദൈവത്തിനു നന്ദി

# പെസഹാജാഗരം ശനി

## പ്രഭാതപ്രാർത്ഥന

കാർമി. : കർത്താവേ ഞങ്ങളുടെ അധരങ്ങൾ തുറക്കേണമേ...

ജനം : ഞങ്ങൾ അങ്ങയുടെ നാമം പ്രകീർത്തിക്കും

കാർമി. : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ജനം : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രവേശക പ്രഭണിതം**

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

വരുവിൻ, നമുക്കു കർത്താവിനുസ്തോത്രമാലപിക്കാം;
നമ്മുടെ ശിലയെ സന്തോഷപൂർവം പാടിപ്പുകഴ്ത്താം.
കൃതജ്ഞതാസ്തോത്രത്തോടെ അവിടുത്തെ സന്നിധിയിൽ
ചെല്ലാം. ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം.

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

എന്തെന്നാൽ, കർത്താവ് ഉന്നതനായ ദൈവമാണ്;
എല്ലാ ദേവൻമാർക്കും അധിപനായ രാജാവാണ്;
ഭൂമിയുടെ അഗാധതലങ്ങൾ അവിടുത്തെ കൈയിലാണ്;
പർവതശൃംഗങ്ങളും അവിടുത്തേതാണ്. സമുദ്രം
അവിടുത്തേതാണ്, അവിടുന്നാണ് അതു നിർമിച്ചത്;
ഉണങ്ങിയ കരയെയും അവിടുന്നാണു മെനഞ്ഞെടുത്തത്.

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

വരുവിൻ, നമുക്കു കുമ്പിട്ട് ആരാധിക്കാം;
നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുൻപിൽ മുട്ടുകുത്താം.
എന്തെന്നാൽ, അവിടുന്നാണു നമ്മുടെ ദൈവം.
നാം അവിടുന്നു മേയ്ക്കുന്ന ജനവും;
അവിടുന്നു പാലിക്കുന്ന അജഗണവും.

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

നിങ്ങൾ ഇന്ന് അവിടുത്തെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ!
മെരീബായിൽ, മരുഭൂമിയിലെ മാസ്സായിൽ,
ചെയ്തതുപോലെ നിങ്ങൾ ഹൃദയം കഠിനമാക്കരുത്.
അന്നു നിങ്ങളുടെ പിതാക്കൻമാർ എന്നെ പരീക്ഷിച്ചു;
എന്റെ പ്രവൃത്തി കണ്ടിട്ടും അവർ എന്നെ പരീക്ഷിച്ചു.

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

നാൽപതു സംവത്സരം ആ തലമുറയോട് എനിക്കു നീരസം
തോന്നി, വഴിപിഴയ്ക്കുന്ന ഹൃദയത്തോടുകൂടിയ ജനമാണിത്;
എന്റെ വഴികളെ അവർ ആദരിക്കുന്നില്ല എന്നു ഞാൻ പറഞ്ഞു.
അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ലെന്നു
കോപത്തോടെ ഞാൻ ശപഥം ചെയ്തു.

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

***കർത്താവായ ക്രിസ്തു നമുക്കുവേണ്ടി സഹിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു, വരുവിൻ നമുക്കവിടുത്തെ ആരാധിക്കാം.***

**ഗീതം**

കാണുക ക്രൂശുമരം

**പ്രഭണിതം1**

***ഏകജാതനെപ്രതിയെന്നപോലെ അവർ കരയും അവനുവേണ്ടി അവർ വിലപിക്കും, എന്തെന്നാൽ കർത്താവിന്റെ നിഷ്കളങ്കനെയാണ് അവർ വധിച്ചത്.***

**സങ്കീർത്തനം 64**

ദൈവമേ, എന്റെ ആവലാതി കേൾക്കണമേ!
ശത്രുഭയത്തിൽ നിന്ന് എന്റെ ജീവനെ രക്ഷിക്കണമേ!
ദുഷ്ടരുടെ ഗൂഢാലോചനകളിൽ നിന്നും ദുഷ്കർമികളുടെ
കുടിലതന്ത്രങ്ങളിൽ നിന്നും എന്നെ മറയ്ക്കണമേ!

അവർ തങ്ങളുടെ നാവുകൾ വാളുപോലെ മൂർച്ചയുള്ളതാക്കുന്നു;
അവർ പരുഷവാക്കുകൾ അസ്ത്രംപോലെ തൊടുക്കുന്നു.
അവർ നിർദോഷരെ ഒളിഞ്ഞിരുന്ന് എയ്യുന്നു;
പെട്ടെന്നു കൂസലെന്നിയേ എയ്യുന്നു.

അവർ തങ്ങളുടെ ദുഷ്ടലക്ഷ്യത്തിൽ ഉറച്ചു നിൽക്കുന്നു;
എവിടെ കെണിവയ്ക്കണമെന്ന് അവർ ആലോചിക്കുന്നു;
അവർ വിചാരിക്കുന്നു: ആരു നമ്മെ കാണും;
നമ്മുടെ കുറ്റകൃത്യങ്ങൾ ആരു കണ്ടുപിടിക്കും?

കൗശലപൂർവമാണു നാം കെണിയൊരുക്കിയത്;
മനുഷ്യന്റെ അന്തരംഗവും ഹൃദയവും എത്ര അഗാധം!
എന്നാൽ, ദൈവം അവരുടെമേൽ അസ്ത്രമയയ്ക്കും;
നിനച്ചിരിക്കാതെ അവർ മുറിവേൽക്കും.

അവരുടെ നാവു നിമിത്തം അവിടുന്ന് അവർക്കു വിനാശം വരുത്തും;
കാണുന്നവരെല്ലാം അവരെ പരിഹസിച്ചു തല കുലുക്കും.
അപ്പോൾ സകലരും ഭയപ്പെടും;
അവർ ദൈവത്തിന്റെ പ്രവൃത്തിയെ പ്രഘോഷിക്കും;

അവിടുത്തെ ചെയ്തികളെക്കുറിച്ചു ധ്യാനിക്കും.
നീതിമാൻ കർത്താവിൽ സന്തോഷിക്കട്ടെ!
അവൻ കർത്താവിൽ അഭയംതേടട്ടെ!
പരമാർഥഹൃദയർ അഭിമാനം കൊള്ളട്ടെ!

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

***ഏകജാതനെപ്രതിയെന്നപോലെ അവർ കരയും അവനുവേണ്ടി അവർ വിലപിക്കും, എന്തെന്നാൽ കർത്താവിന്റെ നിഷ്കളങ്കനെയാണ് അവർ വധിച്ചത്.***

**പ്രഭണിതം 2**

നരകകവാടത്തിൽ നിന്ന്, കർത്താവേ എന്റെ ആത്മാവിനെ രക്ഷിക്കണമേ

**ലഘുഗീതം (ഇസ. 38: 10–14,17–20)**

ഞാൻ പറഞ്ഞു:
എന്റെ ജീവിതത്തിന്റെ മധ്യാഹ്നത്തിൽ ഞാൻ വേർപിരിയണം.
ശേഷിച്ച ആയുസ്സ് പാതാളവാതിൽക്കൽ ചെലവഴിക്കുന്നതിനു
ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ഞാൻ പറഞ്ഞു: ജീവനുള്ളവരുടെ നാട്ടിൽ
ഞാൻ ഇനി കർത്താവിനെ ദർശിക്കുകയില്ല;
ഭൂവാസികളുടെ ഇടയിൽ വച്ചു
മനുഷ്യനെ ഞാൻ ഇനി നോക്കുകയില്ല.

ആട്ടിടയന്റെ കൂടാരംപോലെ
എന്റെ ഭവനം എന്നിൽനിന്നു പറിച്ചുമാറ്റിയിരിക്കുന്നു.
നെയ്ത്തുകാരനെപ്പോലെ എന്റെ ജീവിതം ഞാൻ ചുരുട്ടിയിരിക്കുന്നു.
തറിയിൽ നിന്ന് അവിടുന്ന് എന്നെ മുറിച്ചുനീക്കി.

പകലും രാത്രിയും അവിടുന്ന്
എന്നെ അന്ത്യത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.
പ്രഭാതംവരെ സഹായത്തിനുവേണ്ടി ഞാൻ കരയുന്നു.

ഒരു സിംഹത്തെപ്പോലെ
അവിടുന്ന് എന്റെ അസ്ഥികൾ തകർക്കുന്നു.
രാപകൽ അവിടുന്ന് എന്നെ അന്ത്യത്തിലേക്കു
നയിച്ചുകൊണ്ടിരിക്കുന്നു.

മീവൽപക്ഷിയെപ്പോലെയോ കൊക്കിനെപ്പോലെയോ
ഞാൻ നിലവിളിക്കുന്നു.
പ്രാവിനെപ്പോലെ ഞാൻ ഞരങ്ങിക്കൊണ്ടിരിക്കുന്നു.
മുകളിലേക്കു നോക്കി എന്റെ കണ്ണു തളർന്നിരിക്കുന്നു.

കർത്താവേ, ഞാൻ മർദിക്കപ്പെടുന്നു.
അങ്ങ് എന്റെ രക്ഷയായിരിക്കണമേ!
എന്റെ കഠിനവേദന
എന്റെ നൻമയ്ക്കുവേണ്ടിയായിരുന്നു.

അങ്ങ് എന്റെ സകല പാപങ്ങളും
അങ്ങയുടെ പിന്നിൽ എറിഞ്ഞുകളഞ്ഞതുകൊണ്ട്
നാശത്തിന്റെ കുഴിയിൽ നിന്ന്
എന്റെ ജീവനെ അങ്ങ് രക്ഷിച്ചു.

പാതാളം അങ്ങേക്കു നന്ദിപറയുകയില്ല.
മരണം അങ്ങയെ സ്തുതിക്കുകയില്ല.
പാതാളത്തിൽ പതിക്കുന്നവർ
അങ്ങയുടെ വിശ്വസ്തതയിൽ പ്രത്യാശയർപ്പിക്കുകയില്ല.

ജീവിച്ചിരിക്കുന്നവൻ - ജീവിച്ചിരിക്കുന്നവനാണ് അങ്ങേക്കു നന്ദിപറയുന്നത്,
ഞാൻ ഇപ്പോൾ ചെയ്യുന്നതുപോലെതന്നെ.
പിതാവു തന്റെ സന്തതികളെ അങ്ങയുടെ വിശ്വസ്തത അറിയിക്കുന്നു.

കർത്താവ് എന്നെ രക്ഷിക്കും.
ഞങ്ങൾ അവിടുത്തെ ഭവനത്തിൽ പ്രവേശിച്ച്,
ജീവിതകാലം മുഴുവൻ തന്ത്രീനാദത്തോടെ അങ്ങയെ കീർത്തിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

***നരക കവാടത്തിൽ നിന്ന്, കർത്താവേ എന്റെ ആത്മാവിനെ രക്ഷിക്കണമേ.***

**പ്രഭണിതം 3**

***ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്.***

**സങ്കീർത്തനം 150**

കർത്താവിനെ സ്തുതിക്കുവിൻ;
ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ അവിടുത്തെ സ്തുതിക്കുവിൻ;
പ്രതാപപൂർണമായ ആകാശ വിതാനത്തിൽ
അവിടുത്തെ സ്തുതിക്കുവിൻ.
ശക്തമായ പ്രവൃത്തികളെപ്രതി അവിടുത്തെ സ്തുതിക്കുവിൻ;
അവിടുത്തെ മഹിമാതിശയത്തിനു ചേർന്നവിധം
അവിടുത്തെ സ്തുതിക്കുവിൻ.

കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ;
വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ.
തപ്പുകൊട്ടിയും നൃത്തമാടിയും അവിടുത്തെ സ്തുതിക്കുവിൻ;
തന്ത്രികളും കുഴലുകളുംകൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ.

കൈത്താളംകൊട്ടി അവിടുത്തെ സ്തുതിക്കുവിൻ;
ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളംകൊട്ടി അവിടുത്തെ സ്തുതിക്കുവിൻ.
സർവ ജീവജാലങ്ങളും കർത്താവിനെസ്തുതിക്കട്ടെ!
കർത്താവിനെ സ്തുതിക്കുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

**പ്രഭണിതം**

***ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്.***

## വിശുദ്ധഗ്രന്ഥ വായന (ഹോസ. 6: 1–3a)

അവർ പറയും: വരുവിൻ, നമുക്കു കർത്താവിങ്കലേക്കു മടങ്ങിപ്പോകാം. അവിടുന്ന് നമ്മെ ചീന്തിക്കളഞ്ഞു; അവിടുന്നുതന്നെ സുഖപ്പെടുത്തും. അവിടുന്ന് നമ്മെ പ്രഹരിച്ചു; അവിടുന്നുതന്നെ മുറിവുകൾ വച്ചുകെട്ടും. രണ്ടു ദിവസത്തിനു ശേഷം അവിടുന്ന് നമുക്കു ജീവൻ തിരിച്ചുതരും. മൂന്നാം ദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും. നാം അവിടുത്തെ സന്നിധിയിൽ ജീവിക്കേണ്ടതിനുതന്നെ. കർത്താവിനെ അറിയാൻ നമുക്ക് ഏകാഗ്രതയോടെ ശ്രമിക്കാം. അവിടുത്തെ ആഗമനം പ്രഭാതംപോലെ സുനിശ്ചിതമാണ്.

*(പ്രതിവചനത്തിനു പകരമായി, താഴെക്കാണുന്ന പ്രഭണിതം ചൊല്ലാവുന്നതാണ്)*

**പ്രഭണിതം**

**ക്രിസ്തു തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്; ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ–അതേ കുരിശുമരണം വരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായനാമം നൽകുകയും ചെയ്തു.**

## ബെനദിക്തൂസ് പ്രഭണിതം

ലോകരക്ഷകാ, ഞങ്ങളെ രക്ഷിക്കേണമേ, കുരിശിലൂടെ അങ്ങേ രക്തം ചൊരിഞ്ഞുകൊണ്ട് അങ്ങ് ഞങ്ങളെ വീണ്ടെടുത്തുവല്ലോ. ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളെ രക്ഷിക്കാൻ വരണമേ.

**ബെനദിക്തൂസ് (സഖറിയാഗീതി)**

ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ.
അവിടുന്ന് തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു;
തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ
നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി;

ആദിമുതൽ തന്റെ വിശുദ്ധൻമാരായ പ്രവാചകൻമാരുടെ
അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ,
ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈയിൽനിന്നും
നമ്മെ രക്ഷിക്കാനും നമ്മുടെ പിതാക്കൻമാരോടു
വാഗ്ദാനംചെയ്ത കാരുണ്യം നിവർത്തിക്കാനും

നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത
അവിടുത്തെ വിശുദ്ധമായ ഉടമ്പടി അനുസ്മരിക്കാനും
ശത്രുക്കളുടെ കൈകളിൽനിന്നു വിമോചിതരായി,
നിർഭയം പരിശുദ്ധിയിലും നീതിയിലും
എപ്പോഴും അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ട
അനുഗ്രഹം നമുക്കു നൽകാനുമായിട്ടാണ് ഇത്.

നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ
എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ
അവിടുത്തെ മുമ്പേ നീ പോകും.
അത് അവിടുത്തെ ജനത്തിന് പാപമോചനംവഴിയുള്ള
രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും,

നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകംകൊണ്ട്
ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ
ഇരുളിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു
പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്ക്
നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

## ബെനദിക്തൂസ് പ്രഭണിതം

***ലോകരക്ഷകാ, ഞങ്ങളെ രക്ഷിക്കേണമേ, കുരിശിലൂടെ അങ്ങേ രക്തം ചൊരിഞ്ഞുകൊണ്ട് അങ്ങ് ഞങ്ങളെ വീണ്ടെടുത്തുവല്ലോ. ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളെ രക്ഷിക്കാൻ വരണമേ.***

## മധ്യസ്ഥപ്രാർത്ഥനകൾ

കാർമ്മി : നമുക്കുവേണ്ടി പീഡകൾ സഹിക്കുകയും, അടക്കം ചെയ്യപ്പെടുകയും മൃതിയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത നമ്മുടെ രക്ഷകനോട് നമുക്ക് പ്രാർത്ഥിക്കാം.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : ഞങ്ങളുടെ കർത്താവായ ക്രിസ്തുവേ, കുരിശിന്റെ ചുവട്ടിൽ അങ്ങയുടെ അമ്മയെ അങ്ങ് കണ്ടുവല്ലോ – ഞങ്ങളുടെ സഹനത്തിന്റെ സമയത്ത് അങ്ങയുടെ രക്ഷാകരമായ പീഡാനുഭവങ്ങൾ പങ്കുവയ്ക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : ഞങ്ങളുടെ രക്ഷകനായ ക്രിസ്തുവേ, ഒരു കോതമ്പുമണി ഭൂമിയിൽ വീണു അലിയുന്നത്പോലെ അങ്ങ് മരിച്ചുവല്ലോ – രക്ഷയുടെ വിളവെടുപ്പിൽ ഞങ്ങളെ അങ്ങയിലേക്കു ഒരുമിച്ചുചേർക്കണമേ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : ഞങ്ങളുടെ ഇടയനായ ക്രിസ്തുവേ, കല്ലറയിൽ ആയിരുന്നുകൊണ്ട് അവിടുന്ന് മനുഷ്യന് അദൃശ്യനായിരുന്നുവല്ലോ – അങ്ങയോടൊപ്പം ദൈവത്തിൽ അദൃശ്യമായിരിക്കുന്ന ഞങ്ങളുടെ യാഥാർത്ഥജീവിതത്തെ സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : പുതിയ ആദമായ ക്രിസ്തുവേ, നീതിമാൻമാരെ മോചിപ്പിക്കുവാൻ അവിടുന്ന് മൃതിയുടെ ലോകത്തിലേക്കു പ്രവേശിച്ചുവല്ലോ – പാപത്തിൽ മൃതരായിരിക്കുന്നവർ അങ്ങയുടെ സ്വരം ശ്രവിക്കുകയും ജീവിക്കുകയും ചെയ്യുമാറാകട്ടെ.

കാർമ്മി : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : സജീവദൈവത്തിന്റെ പുത്രനായവനേ, മാമോദീസയിലൂടെ ഞങ്ങളും അങ്ങയോടൊപ്പം അടക്കം ചെയ്യപ്പെട്ടുവല്ലോ - അങ്ങയോടൊപ്പം ഞങ്ങളും ദൈവത്തിലേക്ക് ഉയിർത്തെഴുന്നേൽക്കുമാറാകട്ടെ.

ജനം : കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെപിതാവേ...

## സമാപനപ്രാർത്ഥന

സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ഏകജാതൻ മൃതിയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും മഹത്വത്തിലേക്കു ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുവല്ലോ. മാമോദീസയിൽ അവിടുത്തോടൊപ്പം അടക്കം ചെയ്യപ്പെട്ടവർ അവിടുത്തെ ഉത്ഥാനത്താൽ നിത്യജീവൻ നേടുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ

പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ, ആമേൻ

## സമാപനാശിർവാദം

കാർമ്മി : കർത്താവ് നിങ്ങളോടുകൂടെ

ജനം : ആങ്ങേ അത്മാവോടും കൂടെ

കാർമ്മി : സർവ്വശക്തനായ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ

കാർമ്മി : ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ

ജനം : ദൈവത്തിനു നന്ദി

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21